# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ബഹു.ചെയർപേഴ്സൺ

**എച്ച്.ആർ.എം.പി. നമ്പർ : 6611/11/12/2023/ TVM**

പരാതികക്ഷി : ടി.കെ.സഹദേവൻ,പന്തുവിള വീട്
അയന്തി,ചെറുന്നിയൂർ,വർക്കല
തിരുവനന്തപുരം

എതിർകക്ഷികൾ

**ഉത്തരവ് തീയതി 27.09.2024**

വർക്കല താലൂക്കിൽ വെട്ടൂർ വില്ലേജിൽ മുൻ സർവ്വെ 2234 ൽ ഉൾപ്പെട്ട 10 സെൻറ് വസ്തു പരാതികക്ഷി കഴിഞ്ഞ 50 വർഷമായി കൈവശം വച്ച് അനുഭവിച്ചുവരുന്നതായും, വസ്തുവിൻെറ ഉടമസ്ഥാവകാശം സംബന്ധിച്ച് വർക്കല മുൻസിഫ് കോടതിയിൽ നിന്നും ഒ.എസ് 272/1993 നമ്പർ കേസിൽ ടിയാന് അനുകൂലമായി ഉത്തരവ് ഉണ്ടായിട്ടുള്ളതായും, എന്നാൽ നാളിതുവരെ പരാതികക്ഷിയുടെ പേർക്ക് ടി വസ്തു പോക്കുവരവ് ചെയ്തു കിട്ടിയിട്ടില്ലായെന്നും മറ്റുമാണ് പരാതി സംഗതി.

പരാതി വിഷയത്തിൽ വെട്ടൂർ വില്ലേജ് ഓഫീസർ 06/11/2023 തീയതി ഒരു റിപ്പോർട്ട് സമർപ്പിച്ചു. പരാതിയിന്മേൽ അന്വേഷണം നടത്തിയതിൽ ടിയാൻ വെട്ടൂർ വില്ലേജിലെ ബ്ലോക്ക്-6 ൽ റീസർവ്വെ 123 ൽപ്പെട്ട സ്ഥലത്ത് വർഷങ്ങൾക്ക് മുമ്പ് പഴക്കം ചെന്ന ഒരു കട സ്ഥാപിച്ച് ഇടക്കിടെ പ്രവർത്തിപ്പിച്ചുവരുന്നതായി കാണുന്നുവെന്നും, പ്രസ്തുത സ്ഥലം രേഖകൾ പ്രകാരം സർക്കാർ പുറമ്പോക്ക് റോഡ് ആണെന്നും, ആയത് പുത്തൻ ചന്ത - കടയ്ക്കാവൂർ പൊതുമരാമത്ത് റോഡിൽ ചേർന്ന സ്ഥലമാണെന്നും, ടി സ്ഥലത്തു നിന്നും ഒഴിപ്പിക്കുന്നതിനെതിരെ പരാതികക്ഷി വർക്കല മുൻസിഫ് കോടതിയിൽ ഒ.എസ്.292/93 നമ്പർ അന്യായം ഫയൽ ചെയ്തിരുന്നതായും, ടിയാനെ ബലാൽ ഒഴിപ്പിക്കുന്നതിനെ തടഞ്ഞുകൊണ്ട് ശാശ്വത നിരോധന ഉത്തരവ് 30/08/1995 ൽ വന്നിരുന്നതായും, ടിയാൻ പതിച്ചു നൽകണമെന്നാവശ്യപ്പെടുന്ന സ്ഥലം റോഡ് പുറമ്പോക്ക് സ്ഥലമായതിനാൽ പൊതുമരാമത്ത് വകുപ്പിൻെറ കുടി അനുമതിക്ക് വിധേയമായി തുടർനടപടി സ്വീകരിക്കുന്നതാണെന്നും, റിപ്പോർട്ടിൽ കാണുന്നു.

പരാതിയും റിപ്പോർട്ടും കമ്മീഷൻ പരിശോധിക്കുകയും ഹർജികക്ഷിയെ നേരിൽ കേൾക്കുകയും ചെയ്തു. പരാതികക്ഷിക്ക് 82 വയസ്സ് പ്രായമുണ്ടെന്നും, പരാതിയിൽ പറയുന്ന 10 സെൻറ് ഭൂമിയല്ലാതെ വേറെ വസ്തുവില്ലെന്നും പറയുന്നു. ഇക്കാര്യത്തിൽ തീരുമാനം ഇനിയും അനന്തമായി നീട്ടികൊണ്ടുപോകുന്നത് ശരിയല്ല. ആയതിനാൽ പൊതുമരാമത്ത് വകുപ്പ് നിരത്തു

വിഭാഗം തിരുവനന്തപുരം ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇക്കാര്യം പരിശോധിച്ച് തീരുമാനം വർക്കല തഹസീൽദാരെ 3 ആഴ്ചയ്ക്കുള്ളിൽ അറിയിക്കേണ്ടതാണ്. പൊതുമരാമത്ത് വകുപ്പിന്റെ അഭിപ്രായം ലഭിച്ചു കഴിഞ്ഞാൽ പരാതികക്ഷിയെ നേരിൽ കേട്ടും രേഖകൾ പരിശോധിച്ചും നിയമപ്രകാരമുള്ള ലാൻറ് അസൈൻമെൻറ് നടപടിക്രമങ്ങൾ 3 മാസത്തിനുള്ളിൽ പൂർത്തിയാക്കേണ്ടതാണെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

പരാതി തീർപ്പാക്കുന്നു

ഉത്തരവിന്റെ പകർപ്പ് തിരുവനന്തപുരം ലാൻറ് അസൈൻമെൻറ് ഡെപ്യൂട്ടി കളക്ടർ, പൊതുമരാമത്ത് വകുപ്പ് നിരത്തു വിഭാഗം തിരുവനന്തപുരം ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ, പരാതികക്ഷി എന്നിവർക്ക് അയച്ചുകൊടുക്കേണ്ടതാണ്.

ഒപ്പ്
ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

//ശരിപ്പകർപ്പ്//

രജിസ്ട്രാർ